## കത്തുകൾ




# ആത്മീയതയെ കച്ചവടമാക്കുന്നവർ

**അത്ഭുത** രോഗശാന്തി വാഗ്ദാനം ചെയ്തുകൊണ്ട് എല്ലാ മതവിഭാഗങ്ങളിലും പെട്ട സംഘങ്ങൾ കേരളത്തിനകത്തും പുറത്തും നിരവധി ആത്മീയ ചികിത്സാ കേന്ദ്രങ്ങൾ നടത്തിവരുന്നുണ്ട്. കാൻസർ സുഖപ്പെട്ടെന്നും വികലാംഗനായിരുന്ന ആൾ ഓടി നടക്കുന്നുവെന്നും തലയിൽ വലിയൊരു മുഴയുണ്ടായിരുന്നത് ഇങ്ങനെയൊരു കേന്ദ്രത്തിൽ പോയപ്പോൾ സ്വപ്നത്തിൽ ഓപ്പറേറ്റ് ചെയ്യപ്പെട്ടു എന്നുമൊക്കെ വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഈ അടുത്ത് എറണാകുളത്ത് നടന്ന ഒരു രോഗശാന്തി ശുശ്രൂഷയിൽ കൈ ഒടിഞ്ഞ് പ്ലാസ്റ്ററിട്ട് വന്ന ഒരാൾ സ്റ്റേജിൽ വെച്ച് പ്ലാസ്റ്റർ അഴിച്ചുമാറ്റി. ഉടൻ സൗഖ്യപ്പെട്ടു എന്നാണ് അയാൾ പറഞ്ഞത്. ഇതിൽ പ്രകടമായ വൈരുധ്യങ്ങളുണ്ട്. ഇയാളുടെ കൈ നേരത്തേ ഒടിഞ്ഞിരുന്നോ, അല്ലെങ്കിൽ ഒടിഞ്ഞിട്ടാണോ പ്ലാസ്റ്ററിട്ടത്? ഇതൊന്നും ആരും അന്വേഷിക്കാറില്ല. എട്ടു ലക്ഷം രൂപ പിരിച്ചും ഏഴ് ലക്ഷം കടം വാങ്ങിയും നടത്തിയ ഈ പരിപാടിയിൽ 1400-ഓളം പേർ രക്ഷിക്കപ്പെട്ടു എന്നാണ് സംഘാടകരിലൊരാൾ പറഞ്ഞത്.

കിടന്നുറങ്ങാൻ കൂര പോലുമില്ലാതെ നരകിക്കുന്ന ആയിരങ്ങളുള്ള രാജ്യത്താണ് ഇത്തരം മാമാങ്കങ്ങൾ അരങ്ങേറുന്നത്. ജനങ്ങളുടെ അന്ധവിശ്വാസത്തെ ചൂഷണം ചെയ്ത് തഴച്ചുവളരുന്ന ഈ കേന്ദ്രങ്ങളിൽ നടക്കുന്ന മരണങ്ങളെ കുറിച്ചോ, ഇവർക്ക് ലഭിക്കുന്ന പണത്തിന്റെ ഉറവിടത്തെക്കുറിച്ചോ അന്വേഷിക്കാൻ ഉത്തരവാദപ്പെട്ട ഏജൻസികൾ വരെ തയാറാകുന്നില്ല. പരസ്യമായി എതിർക്കുന്ന പലരും രഹസ്യമായി ഈ കേന്ദ്രങ്ങളിലെ സന്ദർശകരുമാണ്. ഏത് സർക്കാർ വന്നാലും ഈ കേന്ദ്രങ്ങളിൽ തൊട്ട് കളിക്കാൻ മിനക്കെടാറില്ല. ഇങ്ങനെയുള്ളൊരു കേന്ദ്രം കോടതിയുടെ നിർദേശ പ്രകാരം റെയ്ഡ് ചെയ്തപ്പോൾ ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്ത് വന്നത്. പക്ഷേ, ഈ വക കാര്യങ്ങൾ അന്വേഷിക്കാൻ ഉന്നതതലങ്ങളിലുള്ളവർ ശ്രമിക്കുന്നില്ല. പ്രശ്നമുണ്ടായാൽ ഇവരൊക്കെ ആയിരിക്കും ഈ കേന്ദ്രങ്ങളുടെ രക്ഷകരായി എത്തുന്നത്. രോഗവും അംഗവൈകല്യവും മാറ്റുന്നു എന്ന് അവകാശപ്പെടുന്ന ഇവർ, പൊക്കം കുറഞ്ഞതിന്റെ പേരിൽ മാനസിക പ്രയാസമനുഭവിക്കുന്ന ഒരുപാട് പേരുണ്ടല്ലോ ഈ നാട്ടിൽ, അവരിൽ ഒരാൾക്കെങ്കിലും ഒരിഞ്ച് ഉയരം കൂട്ടി നൽകുമോ?

ചില ആശുപത്രികളിലെ ഡോക്ടർമാർ പോലും തങ്ങളുടെ രോഗികളെ ഈ കേന്ദ്രങ്ങൾ സന്ദർശിക്കാൻ പ്രേരിപ്പിക്കുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. ജനങ്ങളുടെ അറിവില്ലായ്മയെയും അൽപവിശ്വാസത്തെയും ചൂഷണം ചെയ്ത് തടിച്ച് കൊഴുക്കുന്ന ഈ കേന്ദ്രങ്ങൾക്കെതിരെ വ്യാപകമായ ബോധവത്കരണംതന്നെ നടക്കേണ്ടതുണ്ട്.

**ടി.ബി അശ്റഫ്**
**തായിക്കാട്ടുകര**

# വ്യാജ ആത്മീയതയെ വിചാരണ ചെയ്യണം

വിവരം കൂടുംതോറും അനാചാരങ്ങളോടും അന്ധവിശ്വാസങ്ങളോടും കൂടുതൽ രാജിയാവുകയും അവയുടെ പ്രചാരകരാവുകയും ചെയ്യുകയാണ് കേരളീയർ. സമുദായം നേടിയെടുത്ത സൽപേരും ഉയർന്ന വിദ്യാഭ്യാസ നിലവാരവുമൊന്നും അന്ധവിശ്വാസങ്ങളെ കുടിയിറക്കാൻ പര്യാപ്തമായില്ല. ഉൽപതിഷ്ണു പ്രസംഗകരുടെ സ്ഥിരം അജണ്ടയിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടും സംഗതി തഥൈവ. മുക്കുമൂലകളിൽ മുളച്ചുപൊന്തുന്ന ശൈഖുമാരും തങ്ങന്മാരും സമൂഹത്തിലെ പാവപ്പെട്ടവരെ ചൂഷണം ചെയ്തുവളരുകയാണ്. തകൃതിയിൽ വളർന്നുകൊണ്ടിരിക്കുന്ന ഈ വ്യാജ വ്യവസായത്തിന് താങ്ങും തണലുമായി 'മതപണ്ഡിതന്മാരു'ടെ പിന്തുണയും!

**എൻ.പി അബ്ദുൽ കരീം**
**ചേന്ദമംഗല്ലൂർ**

# ഒരു 'വലിയ്യി'ന്റെ ജീവിതത്തിൽനിന്ന്

**1929** (ഹി. 1348)ൽ ജനിച്ച് 19.4.1991 (ഹി. 1411)ൽ മരിച്ച മടവൂർ സി.എം അബൂബക്കർ മുസ്‌ലിയാർ, 'സി.എം വലിയുല്ലാഹി' എന്ന പേരിലാണ് അറിയപ്പെടുന്നത്. കോഴിക്കോട് ജില്ലയിലെ മടവൂരിലുള്ള ഇദ്ദേഹത്തിന്റെ മഖ്ബറ കേരളത്തിലെ എന്നല്ല, ദക്ഷിണേന്ത്യയിലെ തന്നെ പ്രമുഖ തീർഥാടന കേന്ദ്രമായി ഇന്ന് മാറിയിരിക്കുന്നു.

ഇദ്ദേഹത്തിന്റെ ചരിത്രമെഴുതിയ ശിഷ്യന്മാർ നിരത്തുന്ന ചില 'കറാമത്തുകൾ' കാണുക:

പള്ളിയിൽനിന്ന് വിളിച്ചാൽ കേൾക്കുന്ന അകലത്തിലുള്ള വീട്ടിലേക്ക് ആഴ്ചയിൽ രണ്ടു തവണ-അതും രാത്രി- മാത്രമേ പോയിരുന്നുള്ളൂ. "(വിവാഹിതനായിരുന്ന) ശൈഖുനാ എല്ലാ തിങ്കളാഴ്ച രാവും വെള്ളിയാഴ്ചരാവും അന്തിയുറങ്ങാൻ വീട്ടിലേക്ക് പോയിരുന്നുവെന്നും അർധരാത്രി തഹജ്ജുദ് നമസ്കാരത്തിനുതന്നെ പള്ളിയിൽ തിരിച്ചെത്തി കുളിച്ച് ഡ്രസ് മാറി ഇബാദത്തിൽ മുഴുകുകയും പതിവായിരുന്നത്രെ... ക്രമേണ ശൈഖുനാക്ക് കുടുംബജീവിതത്തോട് വിരക്തി അനുഭവപ്പെട്ടു തുടങ്ങി. ഉമ്മയോടും ഭാര്യയോടും സംസാരിക്കാതായി. സഹധർമിണി സൈനബയുടെ അവസാനത്തെ രാത്രിയിലെ അനുഭവം വളരെ വിചിത്രമായിരുന്നത്രെ. ഒരു ദിവസം അർധരാത്രി കഴിഞ്ഞിട്ടും ദിക്റും ദുആയും കഴിഞ്ഞില്ല. അവളോട് വാതിലടച്ച് കിടന്നുകൊള്ളാൻ പറഞ്ഞു. അവിടുന്ന് കരഞ്ഞുകൊണ്ട് പ്രാർഥനയിൽ തന്നെ മുഴുകിയിരുന്നു. സൈനബക്ക് കിടന്നിട്ടും ഉറക്കം വന്നില്ല. അവൾ വീണ്ടും കതകിനടുത്ത് വന്നുനിന്നു. കുറേസമയം കഴിഞ്ഞപ്പോൾ ശൈഖുനാ പൊട്ടിക്കരഞ്ഞുകൊണ്ട് അവിടെനിന്ന് എഴുന്നേറ്റ് എങ്ങോട്ടോ പോയി. പിന്നെ അവളുമായി കണ്ടിട്ടില്ലത്രെ. ഈ സംഭവത്തിനു ശേഷം വീടുമായുള്ള ബന്ധം തീരെയുണ്ടായിരുന്നില്ല എന്നു പറയുന്നതാവും ശരി. പള്ളിയിൽനിന്ന് വിളിച്ചാൽ കേൾക്കുന്ന അകലത്തിലുള്ള വീട്ടിലേക്ക് ആഴ്ചകൾ കഴിഞ്ഞിട്ടും വരാതിരുന്നപ്പോൾ വീട്ടിൽ വിരുന്നു വന്ന സഹോദരി ആമിന പള്ളിയിലേക്ക് ചെന്നു. ശൈഖുന വടക്കുഭാഗത്തെ ചെരുവിൽ ധ്യാനനിമഗ്നനായിരിക്കുകയായിരുന്നു.

'അബോക്കറേ'... ആമിനത്താത്ത വിളിച്ചു. 'അല്ല അബോക്കറേ- ഇങ്ങനെയൊക്കെ ചെയ്താലേ സ്വർഗത്തിൽ കടക്കൂ? അന്നെ പെറ്റ ഉമ്മാന്റെ അടുത്തേക്കൊന്നും പോവാതെ ഇങ്ങനെ പള്ളിയിലിരുന്നാൽ മതിയോ? ദർസിലെ കുട്ട്യാളെ ഒക്കെ പൊറ

ത്താക്കിയതെന്ത്നാ? ഇതൊക്കെയാ നിയ്യ് പഠിച്ചിരിക്കുന്നത്? മനസ്സിലാകാഞ്ഞിട്ട് ചോദിക്യാണ്.' ആമിനത്താത്താനോട് അവിടുന്ന് ഒരക്ഷരം മറുപടി പറഞ്ഞില്ല. 'അല്ല മോനേ, അനക്കൊരു കെട്ടിയവളില്ലേ? അവൾക്ക് എണ്ണയും സോപ്പും വേണോ എന്ന് വല്ല ചിന്തയും അനക്കുണ്ടോ? അപ്പോഴേക്കും ളുഹ്ർ ബാങ്ക് വിളിച്ചു. ആമിനത്താത്ത വിതുമ്പുന്ന ഹൃദയത്തോടെ വീട്ടിലേക്ക് മടങ്ങി. ശൈഖുനാ എഴുന്നേറ്റ് പള്ളിയുടെ അകത്തേക്ക് വന്ന് നീട്ടി വിളിച്ചു: 'മഹ്മൂദ്' മറുപടിയില്ല. വളരെ ഗൗരവത്തിൽ അവിടുന്ന് വീണ്ടും വിളിച്ചു. 'മഹ്മൂദ്'. മുകളിൽ നിന്ന് മഹ്മൂദ് മുസ്ലിയാർ ഓടിയെത്തി. 'കടലാസും പെന്നും കൊണ്ടുവാ' ശൈഖുനാ നിർദേശിച്ചു. കഥയൊന്നുമറിയാത്ത മഹ്മൂദ് മുസ്ലിയാർ വേഗം പെന്നും കടലാസുമായി ഹാജരായി. ശൈഖുനാ പറഞ്ഞു: 'എഴുത്.' മഹ്മൂദ് മുസ്ലിയാർ എഴുതാൻ തയ്യാറായി ഇരുന്നു. ശൈഖുനാ പറഞ്ഞു തുടങ്ങി: 'പെരിയട്ടി ചാലിൽ അബൂബക്കർ ഹാജിക്ക് ചിറ്റടി മീത്തൽ മുഹമ്മദ് അബൂബക്കർ- നിങ്ങളുടെ മകൾ സൈനബയെ ഒന്നും രണ്ടും മൂന്നും ത്വലാഖ് ചൊല്ലി ഞാൻ പിരിച്ചിരിക്കുന്നു.' മഹ്മൂദ് മുസ്ലിയാർ ആകെ പരവശനായി. ആദ്യം എഴുതാൻ തയാറായില്ല. നിർബന്ധിച്ചപ്പോൾ വിറക്കുന്ന കൈകളോടെ ഒന്നും രണ്ടും എന്ന് മാത്രം എഴുതി ശൈഖുനായുടെ മുഖത്തേക്ക് നോക്കി. ഉറച്ച സ്വരത്തിൽ അവിടുന്ന് ആജ്ഞാപിച്ചു: 'മൂന്നും എന്നുതന്നെ എഴുത്'. അവസാനം അദ്ദേഹം അങ്ങനെ എഴുതി" (വലിയ്യുല്ലാഹി സി.എം ജീവചരിത്രം -ശാഹുൽ ഹമീദ് ബാഖവി ശാന്തപുരം, ഐകോ ബുക്സ്, പി.ഒ പറമ്പിൽ, കോഴിക്കോട്).

മാതാവിനോടുള്ള കടപ്പാട് മറന്നും ദാമ്പത്യധർമം നിർവഹിക്കാതെയും ജീവിച്ച ഒരാളെങ്ങനെയാണ് വലിയ്യാവുക? വിവാഹമോചനത്തെ ന്യായീകരിക്കാവുന്ന എന്തെങ്കിലും ഈ വിവരണത്തിൽ കാണാനുണ്ടോ? പിതാവ് സ്വഗൃഹത്തിലേക്ക് കൂട്ടിക്കൊണ്ടുപോയ സൈനബ ഭർതൃഗൃഹത്തിലേക്ക് പോകാൻ ഒരുങ്ങിയപ്പോൾ മാത്രമാണ് താൻ വിവാഹമോചനം ചെയ്യപ്പെട്ട വിവരം അവൾ അറിഞ്ഞതത്രെ. ഇങ്ങനെയുണ്ടോ ഒരു ത്വലാഖ്! 'പ്രായമായവരെ ബഹുമാനിക്കുകയും സ്ത്രീസമൂഹത്തെ ആദരിക്കുകയും ചെയ്തിരുന്ന സി.എം' (പേജ് 52) ഈ ഗണത്തിൽ മാതാവിനെയും ഭാര്യയെയും ഉൾപ്പെടുത്താതിരുന്നതെന്തുകൊണ്ട്?

ഉയർന്ന നിലയിലുള്ള ജീവിതവും വിലായത്തിന്റെ മറ്റൊരു നിദർശനമായാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. "ക്രമേണ പടിപടിയായി ഉയർന്ന ജീവിതനിലവാരം അവസാനകാലത്ത് സുഖസമ്പൂർണമായിരുന്നുവെന്നു പറയാം. സർവ സൗകര്യങ്ങളുമുള്ള എയർ കണ്ടീഷൻ ചെയ്ത റൂമിൽ ഡബ്ൾ കിടക്ക വിരിച്ച് അനേകം തലയിണകൾ നിരത്തി കൈയും കെട്ടിയുള്ള ആ കിടത്തം ഇപ്പോഴും കണ്ണിൽനിന്ന് മാഞ്ഞിട്ടില്ല.... വലതു കൈയിൽ റാഡോ വാച്ച് കെട്ടി വീതിക്കരയുള്ള ഡബിൾ ദോത്തി അരയിൽ ചുറ്റിയുള്ള കിടത്തവും നടത്തവും എങ്ങനെ മറക്കാനാവും" (അതേപുസ്തകം, പേജ് 53).

"മറ്റൊരു ഘട്ടത്തിൽ താടിയും മുടിയും വളർത്തി കണ്ടാൽ ഭയം തോന്നിക്കുന്ന രീതിയിലായിരുന്നു. ഇക്കാലത്ത് കണക്കില്ലാതെ വെറ്റില ചവച്ചിരുന്നു. പിന്നീട് താടി മുടികൾ പാടെ നീക്കം ചെയ്തു കാറിൽ മാത്രമായി യാത്ര. തുരുതുരാ സിഗററ്റ് വലിച്ചിരുന്നു. സ്വർണമോതിരവും ചെയിനും ധരിച്ചിരുന്നു. പേന്റും കോട്ടും മാത്രമല്ല ടൈ പോലും കെട്ടിയിരുന്നതായി കണ്ടവർ പറയുന്നു" (അതേപുസ്തകം, പേജ് 54).

ഇസ്ലാമിലെ നിർബന്ധാനുഷ്ഠാനമായ വ്രതം പാലിക്കാതിരുന്നതും 'വിലായത്താ'ണത്രെ. "ശൈഖുന നോമ്പ് നോറ്റിരുന്നില്ലെന്നതിന് പുറമെ നോമ്പിന് പകൽ സമയത്ത് ചിലർക്ക് ബാക്കിയുള്ള ഭക്ഷണവും മറ്റും കൊടുത്ത് നോമ്പ് മുറിപ്പിക്കുകയും ചെയ്തിരുന്നു."

വർധിച്ചുവരുന്ന ശിർക്കൻ ആചാരങ്ങൾക്കെതിരെ സമരമുഖം തുറന്നുതന്നെ ഇരിക്കണം എന്നാണ് ഇതെല്ലാം നമ്മെ ഓർമിപ്പിക്കുന്നത്. ഇതര മതങ്ങളിൽ ആരാധകരെ ആകർഷിക്കാനായി പുതിയ പുതിയ പൗരോഹിത്യ ജാടകൾ കൊണ്ടാടുമ്പോൾ, പിടിച്ചുനിൽക്കാനായി 'മുസ്ലിം മോഡൽ' ഇറക്കിക്കൊണ്ടിരിക്കുകയാണ്. ഹജ്ജിനു പോകുന്നതിന് മുമ്പ് സി.എമ്മിന്റെ മഖ്ബറയിൽ പോയി മോക്ഷം തേടി, ഹജ്ജ് കഴിഞ്ഞ് തിരിച്ചുവന്ന് വീണ്ടും മഖ്ബറയിൽ ചെന്ന്, ലക്ഷ്യം സാധിച്ചതിന് നന്ദി പറയുന്ന ദുരാചാരവും നടന്നുവരുന്നു. ഹജ്ജ് സുരക്ഷിതമായി ചെയ്തുവരാൻ കഴിഞ്ഞത് സി.എമ്മിന്റെ ബർക്കത്തുകൊണ്ടാണെന്ന്! ഇവിടെ വലുതാകുന്നത് അല്ലാഹുവല്ല, സി.എമ്മാണെന്ന് പാവം അന്ധവിശ്വാസികൾ മനസ്സിലാക്കുന്നുണ്ടോ?

**അബ്ദുല്ലത്വീഫ് കൊടുവള്ളി**

## ആൾദൈവ സംസ്കാരത്തിന്റെ മറുവശം

**ആത്മീയ** വൈകൃതങ്ങളുടെ വ്യാപാരത്തെക്കുറിച്ച കവർസ്റ്റോറി വിഷയത്തിന്റെ ആഴം കൊണ്ടും ഉള്ളടക്കത്തിന്റെ സമഗ്രതകൊണ്ടും ശ്രദ്ധേയമായി. ഒരു ചലനാത്മത സമൂഹത്തെ എങ്ങനെ ഷണ്ഡീകരിക്കാം എന്നതിന്റെ നേർകാഴ്ച. അത് വായിച്ചപ്പോൾ ഒരോർമ. കുറച്ചു നാളുകൾക്ക് മുമ്പ് ഒരു ആൾദൈവത്തിന്റെ അനുയായികളായ രണ്ട് പെൺകുട്ടികൾ വീട്ടിലെത്തി. അവരുടെ ക്ലാസ്സുകളിൽ പങ്കെടുക്കാൻ പലവിധത്തിൽ പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. ഒന്നിലും വീഴുന്നില്ലെന്ന് കണ്ടപ്പോൾ അവരനുഭവിക്കുന്ന മനസ്സമാധാനത്തെക്കുറിച്ചായി. മേമ്പൊടിക്ക് പർദാധാരിണികൾ ധാരാളം പങ്കെടുക്കുന്നുണ്ടെന്നും. നിങ്ങൾ ജീവന കലയിലൂടെ നേടുന്നുവെന്ന് അവകാശപ്പെടുന്ന ഈ മനസ്സമാധാനം ക്ലാസ്സിനൊന്നും പോകാതെ യഥാർഥ ദൈവവിശ്വാസിക്ക് വീട്ടിനകത്ത് തന്നെ നേടിയെടുക്കാമെന്ന് പറഞ്ഞ് അവരെ യാത്രയാക്കി. എങ്കിലും അവരുടെ ക്ലാസ്സുകളിൽ എന്താണ് നടക്കുന്നതെന്ന ജിജ്ഞാസ ബാക്കിയായി. ഇവർ വെച്ചുനീട്ടുന്ന ആനന്ദവും സമാധാനവും നിർദോഷമല്ലേ എന്നു തുടങ്ങി കുറേ ചോദ്യങ്ങൾ മനസ്സിൽ കിടന്ന് ചുറ്റിക്കറങ്ങുകയായിരുന്നു. അതിനെല്ലാം സമ്പൂർണമായി മറുപടി തന്നതിന്, ആത്മീയതയുടെ കാണാചുഴികൾ കാട്ടിത്തന്നതിന് *പ്രബോധന*ത്തിന് ഏറെ നന്ദി. പുറമെനിന്നുള്ള കാഴ്ചയിൽ, നല്ല കാര്യങ്ങൾ ഉപദേശിക്കുന്നത് കൊണ്ട് എന്തു ദോഷം എന്ന് തോന്നാം. പക്ഷേ പിന്നാമ്പുറ കാഴ്ചകൾ അമ്പരപ്പുളവാക്കുന്നതാണ്. സമൂഹത്തിന്റെ ചാലകശക്തിയായ യുവാക്കളെ ആൾദൈവ സംസ്കാരം സ്വന്തമായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയാത്ത മരപ്പാവകളുടെ സമൂഹമാക്കി മാറ്റിമറിക്കുന്നതെങ്ങനെയെന്നത് ഞെട്ടലുണ്ടാക്കുന്നു.

**ഷംല സനിൽ**
**കരുവാറ്റ**

## ▪ ചുരുക്കെഴുത്ത്

ആൾദൈവങ്ങളും സാമ്രാജ്യത്വ ഏജൻസികളും തമ്മിലുള്ള അവിഹിത കൂട്ടുകെട്ടുകളുടെ ഉള്ളുകള്ളികൾ കൂടുതൽ ചർച്ചകൾക്ക് വിധേയമാവേണ്ടതുണ്ട്. മലയാളിയുടെ ജീവിതവീക്ഷണത്തിൽ വന്ന കീഴ്മേൽ മറിച്ചിലാണ് ആൾദൈവങ്ങൾക്ക് വളക്കൂറുള്ള മണ്ണൊരുക്കുന്നത്. സ്വാർഥതയുടെയും ആർത്തിയുടെയും ഉപഭോഗസംസ്കാരത്തിന്റെയും വക്താക്കളായി മാറിക്കൊണ്ടിരിക്കുന്ന മലയാളികളിൽ ആൾദൈവസംസ്കാരം തഴച്ചുവളർന്നില്ലെങ്കിലേ അത്ഭുതമുള്ളൂ.

**എം.ഐ അനസ് മൻസൂർ**
**നാരോക്കാവ്**

*പ്രബോധന*ത്തിലെ 'വഴിവെളിച്ചം' എന്ന പംക്തിക്ക് തുടർച്ച കാണുന്നില്ല. 'കാലം സാക്ഷി' എന്ന പംക്തിയും ഇപ്പോൾ കാണാനില്ല. രണ്ട് പംക്തികളും ജീവിത സംസ്കരണത്തിന് പ്രയോജനപ്പെടുന്നതിനാൽ അവക്ക് മുൻഗണനാക്രമത്തിൽ സ്ഥലം അനുവദിച്ചുകൂടേ?

**യഹ്‌യ, മേലാറ്റൂർ**